സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഓഫീസ്,

ROC.16596/2024/EDP

തിരുവനന്തപുരം , 22/03/2025

## സർക്കുലർ

വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലും ഓഫീസുകളിലും സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപ്പിൽ വരുത്തുന്നത് – ITMS സോഫ്റ്റുവെയറിലേക്കുള്ള ഡേറ്റാ ശേഖരണം - സംബന്ധിച്ച്

വിഷയം :

1. 19/03/2025 ൽ ബഹു. ബോർഡ് ഡിജിറ്റൈസേഷൻ സംബന്ധിച്ച് കൂടിയ മീറ്റിംഗിലെ തീരുമാനം.
2. 06/03/2025 ലെ ആർ.ഒ.സി 16596/24/ഇ.ഡി.പി ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലും ഓഫീസുകളിലും നടന്നുവരുന്ന സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപടികളുടെ ഭാഗമായി പ്രസ്തുത സോഫ്റ്റുവെയറിൽ ക്ഷേത്രങ്ങളുടെ അടിസ്ഥാന വിവരങ്ങൾ മുതൽ ചേർക്കേണ്ടതുള്ളതാണ്. അപ്രകാരം ക്ഷേത്രങ്ങളുടെ ഉൽപത്തി മുതലുള്ള അടിസ്ഥാന വിവരങ്ങളുടെ ശേഖരണം എപ്രകാരമാണ് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് സബ് ഗ്രൂപ്പ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജീവനക്കാർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണന്ന് ബോർഡ് വിലയിരുത്തി (സൂചന 1). ഇതിലേക്കുള്ള പരിശീലനത്തിന്റെ ആദ്യ ഘട്ടം മുഖ്യ ഐ.റ്റി ഉപദേഷ്ടാവ് ഡോ. പി. വിനോദ് ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 4, 5 തീയതികളിലും രണ്ടാം ഘട്ടം മാർച്ച് 10,11 തീയതികളിലും നടത്തപ്പെട്ടു. മൂന്നാം ഘട്ടം ആയി ചുവടെ വിവരിക്കുന്ന സമയക്രമം അനുസരിച്ച് പരിശീലന ക്ലാസ്സുകൾ നടത്തുന്നതിന് ബോർഡുത്തരവായിട്ടുള്ളതാണ്.

| ക്രമം നമ്പർ | ഗ്രൂപ്പ് | പരിശീലനം നടത്താൻ തീരുമാനിച്ചിരിക്കുന്ന സ്ഥലം | തീയതി |
|---|---|---|---|
| 1 | നോർത്ത് പരവൂർ, തൃക്കാരിയൂർ | ആലുവ ശ്രീ ബലഭദ്ര ഓഡിറ്റോറിയം | 27-03-2025 9AM to 1PM |
| 2 | ഏറ്റുമാനൂർ, വൈക്കം, കോട്ടയം, ചങ്ങനാശേരി , മുണ്ടക്കയം , അമ്പലപ്പുഴ | ഏറ്റുമാനൂർ ശ്രീ കൈലാസ് ഓഡിറ്റോറിയം | 28-03-2025 9AM to 1PM |
| 3 | നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം, കൊട്ടാരക്കര, പുനലൂർ | സുമംഗലി കല്യാണമണ്ഡപം നന്തൻകോട് | 29-03-2025 9AM to 1PM |

പ്രസ്തുത പരിശീലന ക്ലാസ്സുകളിൽ ബന്ധപ്പെട്ട ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും, എല്ലാ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ് ഗ്രൂപ്പ് ഓഫീസർമാരും, തല്പരരായ ക്ഷേത്ര ജീവനക്കാരും പങ്കെടുക്കേണ്ടതാണ്. ഓരോ ഗ്രൂപ്പിലെയും പരിശീലക്ലാസ്സിൽ പങ്കെടുക്കുന്ന തല്പരരായ ജീവക്കാരുടെയും ഉദ്യോഗസ്ഥരുടെയും വിവരം അതാത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ മുൻ കൂട്ടി ഡിജിറ്റൈസേഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറെ 26/03/2025 നു മുമ്പായി അറിയിച്ചിരിക്കേണ്ടതാണ്. ആലുവ, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ അതതു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരും സുമംഗലി ഓഡിറ്റോറിയത്തിൽ ഐ.റ്റി ഡിവിഷനും ആവശ്യമായ എൽ.ഇ.ഡി റ്റി വി, വൈറ്റ് ബോർഡ്, സൌണ്ട് സിസ്റ്റം എന്നിവ അടക്കമുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഓരോ ഗ്രൂപ്പിൽ നിന്നും പരിശീലനത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജീവനക്കാരെയും പങ്കെടുപ്പിക്കുന്നതിന്റെ ചുമതല അതത് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് ആയിരിക്കും.

സെക്രട്ടറി
തിരുവിതാംകൂർ ദേവസ്വം ബോർഡ്

<u>പകർപ്പ്</u>

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ
3. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നോർത്ത് പറവൂർ, തൃക്കാരിയൂർ, ഏറ്റുമാനൂർ, വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി, മുണ്ടക്കയം, അമ്പലപ്പുഴ, പുനലൂർ, കൊട്ടാരക്കര, കൊല്ലം, വർക്കല, ഉള്ളൂർ, തിരുവനന്തപുരം, നെയ്യാറ്റിൻകര
5. അഡ്മനിസ്ട്രേറ്റീവ് ഓഫീസർ, ആലുവ, ഏറ്റുമാനൂർ
6. അഡ്മനിസ്ട്രേറ്റീവ് ഓഫീസർ, ബസ് ഓപ്പറേഷൻ
7. ഐ.റ്റി ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
8. സെക്ഷൻ ഫയൽ